# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM10/2164/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM10/2164/2021 തീയ്യതി: 02/02/2022

## മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 16-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 26-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 26-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ. മൂസ.ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജിത. പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ പി | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 30-11-2020 | 20-12-2020 |
| അബ്ദുൾ മജീദ്, കഴുങ്ങിൽ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാബു രാജ് പി.വി | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ.മനോജ് പി.എൻ | സെക്രട്ടറി | 03-02-2021 | 03-03-2021 |
| ശ്രീമതി.മീനകുമാരി എൽ.ജി | സെക്രട്ടറി | 04-03-2021 | 31-03-2021 |
| ശ്രീ.അജേഷ് .സി.പി | വി.ഇ.ഒ | 01-04-2020 | 21-02-2021 |
| രജിത .എം. | വി.ഇ.ഒ | 22-02-2021 | 31-03-2021 |
| ശ്രീ.വി.കെ.പി. മോഹൻകുമാർ | വെറ്ററിനറി **സർജൻ** | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദുമോൾ വി.കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ എം.കെ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.റാണി കോമളം സി.ആർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.അമീന ഒ.കെ | മെഡിക്കൽ ഓഫീസർ പി.എച്.സി | 01-04-2020 | 16-04-2020 |
| ഡോ: അബൂബക്കർ | മെഡിക്കൽ ഓഫീസർ പി.എച്.സി | 17-04-2020 | 28-05-2020 |
| ഡോ.അമീന ഒ.കെ | മെഡിക്കൽ ഓഫീസർ പി.എച്.സി | 29-05-2020 | 07-07-2020 |
| ഡോ: അബൂബക്കർ | മെഡിക്കൽ ഓഫീസർ പി.എച്.സി | 08-07-2020 | 16-08-2020 |
| ഡോ-സുചിത്ര | മെഡിക്കൽ ഓഫീസർ പി.എച്.സി | 17-08-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മീനകുമാരി എൽ.ജി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഷാജിദ് എം | കൃഷി ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീമതി.നീന കെ | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ശ്രീമതി. കൃഷ്ണേന്ദു | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ഡോ.ഗായത്രി രാജശേഖർ | കൃഷി ഓഫീസർ | 09-09-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് നസീം | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീജേഷ്.കെ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Rishil.P (Audit Officer, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 15-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-12 |
| 13 | GI പൈപ്പ് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-13 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-14 |
| 15 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-15 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുകകൾ തിരിച്ചടക്കേണ്ടതാണ്.<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-16 |

| | | |
|---|---|---|
| 17 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 25-11-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 25-11-2021) | 1-17 |
| 18 | പൊതു മരാമത്ത് പ്രവ്യത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-18 |
| 19 | നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് വാഹനം റിപ്പയർ ചെയ്തു.<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-19 |
| 20 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകത<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-20 |
| 21 | തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-21 |
| 22 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-22 |
| 23 | SSA വിഹിതം നൽകിയത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-23 |
| 24 | ജലജീവൻ മിഷൻ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഇല്ല<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-24 |
| 25 | R-URBAN പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഇല്ല<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-25 |
| 26 | പന്തലാംകുന്ന് എസ്.സി.കുടിവെള്ള പദ്ധതി - അറ്റകുറ്റ പണി നടത്തിയത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-26 |
| 27 | അംഗനവാടികൾക്ക് ഫർണീച്ചർ വാങ്ങൽ- സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27 |
| 28 | ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്ക് വിവരം ഇല്ല<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-28 |
| 29 | MGNREGS പ്രവ്യത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് GST ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 01-12-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-12-2021) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.കരാറുകാർക്ക് 20393 രൂപ അധികം നൽകി<br>Written By: E.Moosa (Asst. Audit Officer, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 3-1 |
| 2 | GI പൈപ്പിന് അധിക നിരക്ക് നൽകി. കരാറുകാർക്ക് 8605 രൂപ അധികം നൽകി<br>Written By: E.Moosa (Asst. Audit Officer, On 27-11-2021) | 3-2 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 02-02-2022) | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 15-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 10-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 24.03.2020 ലെ 1(1) തീരുമാനം | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 14.07.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42565280 |
| വരവ് | 108537317 |
| ആകെ | 151102597 |
| ചെലവ് | 123270111 |
| നീക്കിയിരിപ്പ് | 27832486 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11843824 | 11843824 | 10821360 | 1022464 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12130436 | 12130436 | 11601036 | 529400 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 24806000 | 24806000 | 21590651 | 3215349 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4276306 | 4276306 | 4239037 | 37269 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12501337 | 12501337 | 7287517 | 5213820 |
| ബി ഫണ്ട് | 0 | 72088320 | 72088320 | 72088320 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 185547255 | 214 | 86565030 | 27 | 7 | 86.29% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15563 | 1297304 | 1312867 | 1286029 | 26838 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27604264 | 27604264 | 27604264 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16920 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 3698800 | 247 |
| വിധവാപെൻഷൻ | 20097200 | 1359 |
| വാർദ്ധക്യകാലപെൻഷൻ | 40062800 | 2977 |
| വികലാംഗപെൻഷൻ | 6377000 | 425 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1470600 | 100 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38457/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് 2015-16 വർഷത്തിൽ കരാർ വച്ചെങ്കിലും പദ്ധതി 5 വർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ ഇരുപത് ശതമാനം പോലും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഇതുവരെ ചെയ്ത പണികൾക്കായി 51,87,095 രൂപ കോസ്റ്റ്ഫോർഡ് കൈപ്പറ്റിയിട്ടുണ്ട് (മുൻകൂർ 30,00,000 രൂപ, പാർട്ട് ബിൽ 21,87,095 രൂപ). പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളിലും കാര്യമായ മേൽ പരിശോധന ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. അക്രഡിറ്റഡ് ഏജൻസികൾ വഴി ചെയ്യുന്ന പ്രവൃത്തികൾ ആവശ്യമെങ്കിൽ ത.സ്വ.സ്ഥാപനത്തിന്റെ എഞ്ചിനീയറെ ഉപയോഗിച്ച് മേൽ പരിശോധന നടത്താവുന്നതാണെങ്കിലും ഇത് വർഷങ്ങളായി ഉപയോഗപ്പെടുത്തിയില്ല. അതുകൊണ്ട് തന്നെ പ്രവൃത്തിയിൽ കാര്യമായ പുരോഗതിയില്ലാതായി. കരാർ പ്രകാരം പ്രവൃത്തി 31.3.2019 ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ദീർഘ വീക്ഷണമില്ലായ്മ കാരണവും സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിനാലും നിലവിൽ പ്രവൃത്തി നിശ്ചലാവസ്ഥയിൽ ആയി. കരാർ കാലാവധി കഴിഞ്ഞതിനെ തുടർന്ന് 3 തവണയാണ് സപ്ളിമെന്ററി എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇതിന്റെ കാലാവധിയും നിലവിൽ കഴിഞ്ഞിട്ടുണ്ട്. പുതിയ കരാർ ചമച്ചിട്ടില്ല. ആദ്യം വച്ച കരാറിലെ പേമെന്റ് വ്യവസ്ഥകൾ ഗ്രാമ പഞ്ചായത്ത് തന്നെ തെറ്റിച്ചു. പ്രവൃത്തിയുടെ മുൻകൂർ പേമെന്റ് അടങ്കൽ തുകയുടെ 20% അനുവദിച്ചില്ല. നിർമ്മാണത്തിൽ ഉണ്ടായ കാലതാമസം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്ന് മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് മങ്ങൽ ഏൽപ്പിക്കുകയും ചെയ്തു (പ്രത്യേക ഖണ്ഡിക പരാമർശിച്ചിട്ടുണ്ട്.)

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് വേണ്ടിയും ലൈഫ് ഭവന പദ്ധതിക്ക് വേണ്ടിയും KURDFC യിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിക്ക് വേണ്ടിയെടുത്ത വായ്പയുടെ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്ക് രജിസ്റ്ററിൽ വാങ്ങുന്ന തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നില്ല (വാറന്റി കാലയളവ് ,ഇൻവോയ്സ് നം., കരാർ തുടങ്ങിയ). ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കറന്റ് നമ്പർ എഴുതുമ്പോൾ തിയതി രേഖപ്പെടുത്തുന്നില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാകാനുണ്ട്. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെങ്കിലും മെറ്റീരിയൽ കളക്ഷൻ സെന്ററിൽ പ്ലാസ്റ്റിക വേസ്റ്റുകൾ ഇനിയും കൊണ്ടുപോകാൻ അവശേഷിക്കുന്നുണ്ട്. ഹരിത കർമ്മ സേനയെ സഹായിക്കുന്നതിന് ഹരിത സഹായ സ്ഥാപനം ആയി IRTC യെ കൺസൾട്ടന്റ് ഫീസ് നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇവരുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കാണുന്നു. ലൈബ്രറി സെസ്സ് യഥാ സമയങ്ങളിൽ അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2021 | സെപ്റ്റംബർ 2021 | 26.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2008 മുതൽ 24.05.2008 വരെ | 2007-08 | 04.07.2008 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. AFS (40-b) പ്രകാരമുള്ള, താഴെ സൂചിപ്പിക്കുന്ന അക്കൗണ്ടുകളുടെ Closing Balance ന് , Bank Statement ൽ നിന്നുമുള്ള വ്യത്യാസം റീകൺസിലിയേഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് | AFS പ്രകാരം നീക്കിയിരിപ്പ് | Bank Statement പ്രകാരം നീക്കിയിരിപ്പ് | Remarks |
|---|---|---|---|
| Saksharatha | 8942 | 8500 | In Active A/C |
| SMGB Pension | 85347 | 0 | In Active A/C |
| PNB SSA | 512 | 15115 | In Active A/C |
| PNB Plan | 8833 | 11457 | In Active A/C |

പ്രസ്തുത അക്കൗണ്ടുകളിൽ Close ചെയ്യാൻ കഴിയുന്ന അക്കൗണ്ടുകൾ Close ചെയ്യേണ്ടതാണ്.

2. AFS (B7 ) പ്രകാരം Other Deposits ഇനത്തിൽ ബാലൻസ് തുകയായി 322018 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 319018 ആണ്. (വ്യത്യാസം: 3000)

3. AFS (B7 ) പ്രകാരം Election Deposits (Candidate) ഇനത്തിൽ 111500 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ലൈഫ് ഭവന പദ്ധതി ലോൺ - അടവാക്കാൻ അവശേഷിക്കുന്ന തുക B-5 പ്രകാരം 22260598 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. AFS B-4 പ്രകാരമുള്ള ഗ്രാന്റ് തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | TSC | 422383 | 318605 |
| 2 | RURBAN | 45925875 | 0 |

7. AFS (RP-5) പ്രകാരം Sale Of Scrap ഇനത്തിൽ 9925 രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലേലം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. AFS (I-3) പ്രകാരം വാടക ഇനത്തിൽ 6000 രൂപ വരവുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. ലൈസൻസ് ഫീ യഥാർത്ഥ വരവ് 475090ആണ്. എന്നാൽ ആയത് I 4(b) പ്രകാരം 456450 ആണ്.(വ്യത്യാസം)

AFS RP (43) പ്രകാരം ലൈസൻസ് ഫീ തൻവർഷ കളക്ഷൻ 184700 ആണ്. എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 456450 ആണ്.

11. AFS B (9) പ്രകാരം ലൈസൻസ് ഫീ 2021-22 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷൻ 334355 ആണ്. എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 320380 ആണ്.

12. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

13. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.
14. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി അടവാക്കിയില്ല .

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2020-21സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വിക്ടറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,എടപ്പാൾ | I&II |
| 2 | ബി .എൻ.എസ്.എസ് യു.പി സ്കൂൾ | I&II |
| 3 | ശ്രീ വിവേകാനന്ദ വിദ്യാനികേതൻ, വട്ടംകുളം | I&II |
| 4 | മലബാർ കോളേജ് ഓഫ് കോമേഴ്സ് & സയൻസ് | I&II |
| 5 | ഭാരതീയ വിദ്യാഭവൻ | I&II |
| 6 | എച്ച്.ഡി.എഫ്.സി. ബാങ്ക് | I&II |
| 7 | മലയാളം ബെനഫിറ്റ് ഫണ്ട് | I&II |
| 8 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് &ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് | I&II |
| 9 | റെയ്ഡ്കോ | II |
| 10 | എസ്.ബി.ഐ (പട്ടാമ്പി റോഡ്),എടപ്പാൾ | I |
| 11 | പി.എൻ.ബി | I&II |
| 12 | അക്കാദമി ഓഫ് അക്കൗണ്ടന്റ്സ് | I&II |
| 13 | സുന്ദരം ഫിനാൻസ് ലിമിറ്റഡ് | I&II |
| 14 | മാബേൻ നിധി ലിമിറ്റഡ് | I |

| | | |
|---|---|---|
| 15 | അപരാജിത ഡൈനാമിക് സിനർജീസ് പ്രൈ. ലിമിറ്റഡ് | I&II |
| 16 | അസ്റ്റോറിയ നിധി ലിമിറ്റഡ് | I&II |
| 17 | മോഡേൺ എച്ച്.എസ്.എസ്. പോട്ടൂർ | I&II |
| 18 | എസ്.ബി.ഐ (കുറ്റിപ്പുറം റോഡ്) | II |
| 19 | നാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | I&II |
| 20 | ഉഷസ് ഇംഗ്ലീഷ് സ്കൂൾ | I&II |

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപന മേധാവി നൽകുന്ന തൊഴിൽ റിട്ടേൺ പ്രകാരവും 2020-21സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എൻ.എസ്.എസ് യു.പി സ്കൂൾ | I&II |
| 2 | പി.എൻ.ബി എടപ്പാൾ | I&II |
| 3 | പൊന്നാനി ബ്ലോക്ക് ഓഫീസ്,[AE,DEO (MGNREGS ),BDO എന്നിവരൊഴികെ] | II |
| 4 | റെയ്ഡ്കോ | I&II |
| 5 | എസ്.ബി.ഐ (പട്ടാമ്പി റോഡ്) | I |
| 6 | എസ്.ബി.ഐ (കുറ്റിപ്പുറം റോഡ്) | II |
| 7 | ബി.എസ്.എൻ.എൽ,നടക്കാവ് | I&II |
| 8 | പോപ്പുലർ വെഹിക്കിൾസ് | I&II |
| 9 | മലയാളം ബെനഫിറ്റ് ഫണ്ട് | I&II |
| 10 | ഇൻഡസ് മോട്ടേഴ്സ് കമ്പനി | I&II |
| 11 | ആശ്വാസ് ക്ലിനിക് & ഡയഗ്നോസ്റ്റിക് സെന്റർ | I&II |
| 12 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെൻറ് ലിമിറ്റഡ് | II |
| 13 | സുന്ദരം ഫിനാൻസ് ലിമിറ്റഡ് | I&II |
| 14 | അക്കാദമി ഓഫ് അക്കൗണ്ടന്റ്സ് | I&II |
| 15 | മൈ ജി മൊബൈൽ വേൾഡ് | I&II |
| 16 | മോഡേൺ എച്ച്.എസ്.എസ്. പോട്ടൂർ | I |
| 17 | മാക്സ് റീട്ടെയിൽ പ്രൈ.ലിമിറ്റഡ് | I |
| 18 | നാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | I&II |
| 19 | അപരാജിത ഡൈനാമിക് സിനർജീസ് പ്രൈ. ലിമിറ്റഡ് | II |
| 20 | അസ്റ്റോറിയ നിധി ലിമിറ്റഡ് | I |
| 21 | ഉഷസ് ഇംഗ്ലീഷ് സ്കൂൾ | I&II |

| | | |
|---|---|---|
| 22 | ബിവറേജസ് കോർപ്പറേഷൻ | I |

3. ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | അർദ്ധ വർഷ വരുമാനം | | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|---|
| | | | Ist | IInd | Ist | IInd |
| 1 | അഷറഫ് റ്റി.പി | OA Cum Driver | 118690 | 96525 | 1000 | 750 |
| 2 | ശോശാമ്മ | PTPK | 86672 | 84420 | 750 | 750 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.17/25-11-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 GI പൈപ്പ് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വെള്ളാറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 4 ആയി വാട്ടർ ടാപ്പ് സ്ഥാപിക്കുന്നതിന് GI പൈപ്പ് ഉപയോഗിച്ചതിന് DSR 18.10.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ചുമരിൽ ക്ലാമ്പ് ചെയ്ത് GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഈ ഡാറ്റ പ്രകാരമുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ GI പൈപ്പ് തുറന്ന സ്ഥലത്ത് ലംബമായി സ്ഥാപിച്ചിരിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 25.11.2021 ന് സ്ഥല പരിശോധനയിൽ വ്യക്തമായി. ഇത്തരം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച 51.18.12.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വെള്ളാറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി<br>( 155/21 )<br>ബിൽ 42/14.5.2020 തുക 645732<br>ബിൽ 115/27.3.2021 തുക 152699<br>ബിൽ 96/20.2.2021 തുക 94305<br>കരാർ 89/7.1.2019 (11.18% കുറവ്)<br>അളവ് പുസ്തകം 119/18-19<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | 46.20m | 12705<br>@275/m<br>10.61% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@307.65/m | 7362<br>@159.36/m<br>10.61% കുറഞ്ഞ നിരക്ക്)<br>51.18.12.2 പ്രകാരമുള്ള നിരക്ക്<br>@178.28/m | 5343 |

| | | | | | |
|---|---|---|---|---|---|
| 2 | വെള്ളാരമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി<br>( 143/21 )<br>ബിൽ 124/29.3.2021 തുക 179826<br>കരാർ 7/28.9.20 (6.10% കുറവ്)<br>അളവ് പുസ്തകം 67/20-21<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 31.06% | 26.40m | 7756<br>@293.77/m | 4494<br>@170.23/m | 3262 |

ഓഡിറ്റ് എൻക്വയറി 18/2020-21/25.11.2021നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

2015-16 സാമ്പത്തിക വർഷത്തിൽ 2,30,00,000 (2 കോടി 30 ലക്ഷം) രൂപ അടങ്കലിൽ ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2 കോടി വായ്പയായും 30 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടും (Plan(G)-1405000,FC Grant-610000,OwnFund-985000) വകയിരുത്തി. ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് വേണ്ടി അക്രിഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തുകയും ( 22.6.2015 ലെ 6(2) ഭരണ സമിതി തീരുമാനപ്രകാരം) മുൻകൂറിനത്തിൽ 2015-16 വർഷത്തിൽ 30 ലക്ഷം രൂപ ഏജൻസിക്ക് കൈമാറുകയും ചെയ്തു. സ.ഉ.(സാ.ധാ) നം. 772/17 ത.സ്വ.ഭ.വ തിയ്യതി. 18.3.17 ഉത്തരവ് പ്രകാരം വട്ടംകുളം ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് KURDF യിൽ നിന്നും 2,00,00,000 (2 കോടി) വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി 31.3.2019 ന് പൂർത്തീകരിക്കുമെന്നാണ് കോസ്റ്റ് ഫോർഡുമായുള്ള കരാറിൽ (കരാർ തിയതി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല) പറഞ്ഞിട്ടുള്ളത്. എന്നാൽ 2015-16 വർഷത്തിൽ കരാർ വച്ച പദ്ധതി 5 വർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ ഇരുപത് ശതമാനം പോലും പൂർത്തീകരിക്കാത്ത ഘട്ടത്തിലാണ്. ഇതുവരെ ചെയ്ത പണികൾക്കായി 51,87,095 രൂപ കോസ്റ്റ്ഫോർഡ് കൈപ്പറ്റിയിട്ടുണ്ട് (മുൻകൂർ 30,00,000 രൂപ, പാർട്ട് ബിൽ 21,87,095 രൂപ). രണ്ടാം പാർട്ട് ബിൽ സമർപ്പിച്ച സമയത്ത് ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും പലയിനം പണികൾക്കും അധികരിച്ച അളവുകൾ ഉണ്ടായിട്ടുള്ളതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകരിക്കുന്ന മുറക്ക് മാത്രമേ പ്രവൃത്തി നടത്താൻ കഴിയൂ എന്ന് കോസ്റ്റ്ഫോർഡ് അറിയിക്കുകയും തുടർന്ന് 2,70,00,000 രൂപയുടെ റിവൈസഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതിലും അപാകതയുള്ളതായി ഗ്രാപ പഞ്ചായത്ത് അസി.എഞ്ചിനീയർ അറിയിച്ചതിനെ തുടർന്നും സാങ്കേതിക അനുമതി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണം എന്ന ഗ്രാമ പഞ്ചായത്തിന്റെ നിർദേശത്തെ തുടർന്നും 8 ഇനങ്ങൾ ഒഴിവാക്കി അപാകതകൾ പരിഹരിച്ച് 2,30,00,000 രൂപയുടെ റിവൈസഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു.

കരാർ പ്രകാരം പ്രവൃത്തി 31.3.2019 ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ദീർഘ വീക്ഷണമില്ലായ്മ കാരണവും സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിനാലും (2018-19 ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്)നിലവിൽ പ്രവൃത്തി നിശ്ചലാവസ്ഥയിൽ ആയി. കരാർ കാലാവധി കഴിഞ്ഞതിനെ തുടർന്ന് 13.8.2018 ൽ സപ്ളിമെന്ററി എഗ്രിമെന്റ് വക്കുകയും തുടർന്നും പ്രവൃത്തി പൂർത്തിയാവാത്ത സാഹചര്യത്തിൽ 27.9.2019 ൽ സപ്ളിമെന്ററി എഗ്രിമെന്റ് വക്കുകയും ചെയ്തു. തുടർന്നും പ്രവൃത്തി പൂർത്തിയാവാത്ത സാഹചര്യത്തിൽ 26.7.2020 ന് സപ്ളിമെന്ററി എഗ്രിമെന്റ് വക്കുന്നതിന് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കരാർ വച്ചതായി കാണുന്നില്ല. 76,82,471 രൂപയുടെ പ്രവൃത്തികൾ നിലവിൽ കോസ്റ്റ്ഫോർഡ് ചെയ്തിട്ടുണ്ടെന്നും ഇനി പ്രവൃത്തികൾ ചെയ്യാൻ ഭീമമായ സംഖ്യ ആവശ്യമാണെന്നും ആയതിന് ഇടക്കാല സാമ്പത്തിക സഹായം 32 ലക്ഷം രൂപ അനുവദിക്കണമെന്നും കാണിച്ച് 17.9.2020 ന് കോസ്റ്റഫോർഡ് ഗ്രാമ പഞ്ചായത്തിലേക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിൻമേൽ തുടർ തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

കരാർ പ്രകാരമുള്ള പേമെന്റുകൾ അനുവദിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടു കഴിഞ്ഞാൽ കരാർ തുകയുടെ 20% മുൻകൂർ അനുവദിക്കണം എന്നിരിക്കെ 30,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർന്നങ്ങോട്ട് കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കോസ്റ്റ്ഫോർഡിനും ഗ്രാമ പഞ്ചായത്തിനും കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ നിർമ്മാണത്തിൽ ഉണ്ടായ കാലതാമസം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്ന് മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് മങ്ങൽ ഏൽപ്പിക്കുകയും ചെയ്തു. ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /25.11.21) മറുപടിയായി പുതിയ ഭരണ സമിതി വന്നതിന് ശേഷം പഞ്ചായത്ത് യോഗം ചേർന്ന് ഇക്കാര്യം വിശദമായി ചർച്ച ചെയ്തിട്ടുണ്ടെന്നും കരാർ കാലാവധി അവസാനിച്ചതിനാൽ പുതിയ കരാർ വക്കുന്നതിനും പ്രവത്തി പൂർത്തിയാക്കുന്നതിനും ഇപ്പോൾ പൂർത്തിയായ പ്രവൃത്തിയുടെ അളവെടുക്കുന്നതിന് LSGD അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ അടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ടി സമിതിയുടെ റിപ്പോർട്ട് കിട്ടുന്ന മുറക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഇതിൻമേലുള്ള തുടർനടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-15 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് 527.97/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമ പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളു. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |

| | | | | | |
|---|---|---|---|---|---|
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 392.81 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 25.52 |
| Total | | | | | 481.77 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് ശരാശരി 46 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ 20393 രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക 481.77/$m^2$ | അധികം |
|---|---|---|---|---|
| മാലിന്യ സംസ്കരണ കേന്ദ്രത്തിന് (എം.സി.എഫ്) കെട്ടിട നിർമ്മാണം (221/20)<br>ചെക്ക് 14993/10.03.2020 തുക 1033816<br>കരാറുകാരൻ ശ്രീ.ടി.വി.ഷാജേഷ്<br>കരാർ 87/19.122018<br>അളവ് പുസ്തകം 116/18-19, 117/18-19, 118/18-19<br>കോസ്റ്റ് ഇൻഡക്സ് 37.25% | 170.28$m^2$ | 80103<br>@470.42 /$m^2$<br>(10.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97 /$m^2$ | 73094<br>@429.26/$m^2$<br>(10.90% കുറഞ്ഞ നിരക്ക്) | 7009 |
| വെറ്ററിനറി പോസ്പിറ്റൽ പുനരുദ്ധാരണം (215/20)<br>ബിൽ 26/15.7.2019 തുക 200000<br>ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>ചെക്ക് 513909/23.7.2019 (തനത് ഫണ്ട് )തുക 64660<br>കരാർ 86/19.12.2018 (10.9% കുറവ്) തുക 381831.74<br>അളവ് പുസ്തകം 94/2018-19<br>കോൺട്രാക്ടർ ശ്രീ ടി.വി ഷാജേഷ്<br>കോസ്റ്റ് ഇൻഡക്സ് 37.25% | 104.28$m^2$ | 49055<br>@470.42 /$m^2$<br>(10.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97 /$m^2$ | 44763<br>@429.26/$m^2$<br>(10.90% കുറഞ്ഞ നിരക്ക്) | 4292 |

| | | | | |
|---|---|---|---|---|
| | | | | |
| ഹോമിയോ ഡിസ്പെൻസറി നവീകരണം ( 216/20 )<br>ബിൽ 22/15.7.2019 തുക 145614 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 67/1.12.2018 (9.1% കുറവ്)<br>അളവ് പുസ്തകം 82/18-19<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | $50m^2$ | 26399<br>@527.97 /$m^2$ | 24089<br>@481.77/$m^2$ | 2100<br>(9.1% ടെണ്ടർ കുറവിന് ശേഷം. യഥാർത്ഥ തുക2310) |
| വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം (231/20)<br>ബിൽ 24/15.7.2019 തുക 190913 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ബിൽ 25/15.7.2019 തുക 31021 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 85/19.12.2018 (7.9% കുറവ്)<br>അളവ് പുസ്തകം 94/2018-19<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>കരാറുകാരൻ ശ്രീ.ടി.വി.ഷാജേഷ് | $93.60m^2$ | 45514<br>@486.26 /$m^2$<br>(7.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97 /$m^2$ | 41531<br>@443.71/$m^2$<br>(7.90% കുറഞ്ഞ നിരക്ക്. നൽകാവുന്ന നിരക്ക് @481.77/$m^2$) | 3983 |
| ചോലക്കുന്ന് അംഗൻവാടി പുനരുദ്ധാരണം (198/20)<br>ബിൽ 23/15.7.2019 തുക 135571<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 98/2.3.2018 (9.1% കുറവ്)<br>അളവ് പുസ്തകം 120/2017-18<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | $71.64m^2$ | 37824<br>@527.97 /$m^2$ | 34514<br>@481.77/$m^2$ | 3009<br>(9.1% ടെണ്ടർ കുറവിന് ശേഷം. യഥാർത്ഥ തുക 3310) |
| ആകെ | | | | 20393 |

ഓഡിറ്റ് എൻക്വയറി 10/20-21 /23.11.2021 നൽകിയതിന് - അധികമായി കരാറുകാർക്ക് നൽകിയ തുക തിരിച്ചടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

## 1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുകകൾ തിരിച്ചടക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എടപ്പാൾ ശാഖയിലുള്ള 37375935911 നമ്പർ അക്കൗണ്ടിൽ 28.6.2021 തീയ്യതിയിൽ 274839 രൂപ നീക്കിയിരിപ്പുണ്ട്. ഗ്രമ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം ഇനത്തിൽ വരവ് വന്ന തുകയാണിത്. 2018 മുതൽ വരവ് വന്ന തുകകൾ ഈ അക്കൗണ്ടിൽ കൈമാറാതെ കിടക്കുന്നുണ്ട്. ഈ തുകകൾ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 16/20-21 / 25.11.2021 നൽകിയതിന് പ്രസ്തുത തുക എത്രയും പെട്ടെന്ന് ഗ്രാമ പഞ്ചായത്തിന് കൈമാറി വിവരം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-17 മരുന്നുകൾ മുഴവൻ ലഭ്യമായില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 1311421രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ പൂർണ്ണമായും ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ മുഴവൻ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ | തുക | ലഭ്യമായ മരുന്നകൾ | ബാക്കി |
|---|---|---|---|---|
| പി.എച്.സിയിലേക്ക് മരുന്ന് (64/21)<br>സ്പിൽ ഓവർ<br>ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 6/28.1.2021 | 926921 | 724991 | 201930 |
| പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ (65/21)<br>ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 7/28.1.2021 | 200000 | 56166 | 143834 |
| പരിരക്ഷ (62/21)<br>തനത് ഫണ്ട് | ചെക്ക് 1594142/17.2.2021 | 184500 | 58094 | 126406 |
| ആകെ | | 1311421 | 839251 | 472170 |

ഓഡിറ്റ് എൻക്വയറി 1/20-21/17.11.2021 നൽകിയതിന് - മരുന്നുകൾ ലഭ്യമാക്കുന്നതിന് നിരന്തരം KMCL മായി സംസാരിക്കാറുണ്ടെന്നും മരുന്ന് ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-18 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 153പദ്ധതികൾ തയ്യാറാക്കിയതിൽ 122 പ്രൊജക്റ്റുകൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 78പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 7പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 153 | ആകെ അടങ്കൽ | 69147332 |
| നടപ്പിലാക്കിയത് | 122 | ചെലവ് | 25338619 |
| ശതമാനം | 79.74% | ചെലവ് ശതമാനം | 36.64% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്റ്റുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിലും ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV. രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തത് കാരണം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവുന്നില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

V. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2020-21 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് വാഹനം റിപ്പയർ ചെയ്തു.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട്- തനത് ഫണ്ട്

ചെക്ക് നമ്പർ - 015113/25.8.20

തുക – 69172

KL 54 C ബൊലോറോ ജീപ്പ് റിപ്പയർ ചെയ്തതിന് 69172 രൂപ താഴെ പറയുന്ന ഷോപ്പുകൾക്ക് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ശാസ്ത ഓട്ടോമൊബൈൽസ്,എടപ്പാൾ | 43150 |
| കുറ്റിപ്പുറം ഓട്ടോമൊബൈൽസ്,തൃശ്ശൂർ | 22902 |
| ഹൈവേ സർവീസ് സ്റ്റേഷൻ,എടപ്പാൾ | 3120 |

30.6.2007 ലെ GO(MS) 170/07/LSGD ഉത്തരവ് പ്രകാരം 10,000 രൂപക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും ബന്ധപ്പെട്ട ത.സ്വ.ഭ.സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മൽസര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം വാഹനങ്ങൾ റിപ്പയർ ചെയ്യിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വാഹനത്തിന്റെ അറ്റകുറ്റപണിയുടെ പ്രതീക്ഷിത ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വാഹനം റിപ്പയർ ചെയ്തതിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 /24.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - S0162/21

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

തുക - 23,85,510

കരാർ - 16/19-20/28.1.20

പദ്ധതി പ്രകാരം ARTCO ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. 25 W LED തെരുവ് വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം | തുക | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 531/12.3.20 | 125 | 424900 | 2/12.5.20 |
| 2 | 532/12.3.20 | 125 | 424900 | 3/12.5.20 |
| 3 | 533/12.3.20 | 125 | 424900 | 4/12.5.20 |
| 4 | 534/12.3.20 | 125 | 424900 | 5/12.5.20 |
| 5 | 567/23.3.20 | 100 | 342955 | 13/12.11.20 |
| 6 | 568/23.3.20 | 100 | 342955 | 14/12.11.20 |
| | ആകെ | 700 | 23,85,510 | |

പദ്ധതി അപാകതകൾ

1. GO(RT)No.4/2018/SPD തി.2.2.2018 ഉത്തരവ് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ തെരുവ് വിളക്കുകൾ ആർട്ട്കോയിൽ നിന്നും വാങ്ങുന്നതിന് അനുമതിയുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ആർട്ട്കോയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ക്രമ നമ്പർ 1 മുതൽ 4 വരെ 25 W LED (Ordinary) 500 തെരുവ് വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന് GST ഉൾപ്പെടെ 3399 രൂപ വച്ച് ആർട്ട്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം 25 W LED തെരുവ് വിളക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് 2849+12% GST ആണ്. മാത്രമല്ല ക്രമ നമ്പർ 5,6 എന്നിവ പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് 3429.55 രൂപ വച്ച് അനുവദിച്ചിട്ടുണ്ട്. ഇത് 200 എണ്ണം സ്ഥാപിച്ചു. (പ്രളയ സെസ്സ് കൂടി ബില്ലിൽ ഉൾപ്പെടുത്തിയതിനാലാണ് നിരക്ക് വ്യത്യാസം വന്നത് ). സർക്കാർ നിരക്കിലും അധികരിച്ച് നിരക്ക് നൽകി.

2. ആർട്ട്കോയുടെ പത്രിക (Qoutation For 25 Wats LED Street Lighting System) പ്രകാരം കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് 3400 രൂപയായി കാണിച്ചിട്ടുള്ളത്. എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജിനത്തിൽ 17422 രൂപ ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി. എടപ്പാൾ ശാഖയിൽ അടവാക്കിയിട്ടുണ്ട് (ചെക്ക് നമ്പർ 856859/10.11.20). ഇത് ക്രമപ്രകാരമല്ല. അധികമായി അടവാക്കിയ തുക17422 രൂപ.

3.പദ്ധതിപ്രകാരം 943 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയതത്. എന്നാൽ 700 തെരുവ് വിളക്കുകൾ (ഓർഡിനറി) സ്ഥാപിച്ചതിന് ശേഷം സ്ട്രീറ്റ് മെയിൻ വലിക്കാത്ത സ്ഥലങ്ങളിൽ ഓർഡിനറി തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കഴിയാത്തതിനാൽ Automatic LED Street Light സ്ഥാപിക്കുന്നതിന് 24.6.20 ലെ 1(5) നമ്പർ പ്രകാരം കമ്മിറ്റി തീരുമാനം എടുക്കുകയും ഇതനുസരിച്ച് 195 എണ്ണം Automatic LED Street Light 19 വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്തു. ഇതിന് ഒന്നിന് 4200 രൂപ വച്ച് 8,19,000 രൂപ (Bill No.21/20.10.20) ആർട്ട്കോയ്ക്ക് അനുവദിച്ചു. എന്നാൽ GO(RT)No.4/2018/SPD തി.2.2.2018 ഉത്തരവ് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ ആർട്ട്കോയിൽ നിന്നും വാങ്ങാവുന്ന ഇനങ്ങളിൽ Automatic LED Street Light ഇല്ല. മേൽ സർക്കാർ ഉത്തരവിൽപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് വാങ്ങേണ്ടത് എന്നിരിക്കെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർട്ട്കോയിൽ നിന്നും വാങ്ങി.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /24.11.21) താഴെ പറയും പ്രകാരം മറുപടി നൽകി.

1. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ ക്ലാമ്പ് , ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ളത്. ആയത് പഞ്ചായത്ത് 24.1.20 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

2. സൂപ്പർവിഷൻ ചാർജ്ജിനത്തിൽ പഞ്ചായത്ത് അടവാക്കിയ 17422 രൂപ തിരിച്ച് പിടിക്കുന്നതാണ്.

3. ഓട്ടോമാറ്റിക് ലൈറ്റുകൾ വാങ്ങുന്നതിന് വീണ്ടും ടെണ്ടർ ക്ഷണിക്കുക വഴിയുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഉന്ന നിലവാരവും സേവനമികവും ഉള്ളതിനാലുമാണ് പഞ്ചായത്ത് അംഗീകരിച്ച് ആർട്ട്കോയെ തന്നെ ഓട്ടോമാറ്റിക് ലൈറ്റുകൾ വാങ്ങുന്നതിന് തെരഞ്ഞെടുത്തത്.

ക്രമ നമ്പർ 1 മറുപടി അംഗീകരിക്കുന്നു. സൂപ്പർവിഷൻ ചാർജ്ജിനത്തിൽ പഞ്ചായത്ത് അടവാക്കിയ 17422 രൂപ തിരിച്ച് പിടിക്കുന്നത് വരെ തുക അനുവദിച്ച ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. ആർട്ട്കോയ്ക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിൽപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് വാങ്ങേണ്ടത് എന്നിരിക്കെ സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. എന്നിരുന്നാലും ഉദ്ദേശശുദ്ധി പരിഗണിച്ച് ക്രമ നമ്പർ 3 മറുപടി അംഗീകരിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - SO049/21

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

അടങ്കൽ - 3,85,000

ചെലവ് - 346500

ബിൽ നമ്പർ - 23/12.11.20 – 192500

36/23.3.21 – 1,54,000

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ഹൈമാസ്റ്റ്, ലോമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റ പണികൾ (AMC) നടത്തിയതിന് മേൽ ബില്ലുകൾ പ്രകാരം തുകകൾ ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടി എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

| ഇനം | ഹൈമാസ്റ്റ് ലൈറ്റ് (6x18 Watts) | ലോമാസ്റ്റ് ലൈറ്റ് (2x18 Watts) |
|---|---|---|
| നിരക്ക് | 46700 | 19900 |
| എണ്ണം | 1 | 17 |

അറ്റകുറ്റ പണികൾ നടത്തേണ്ട തെരുവ് വിളക്കുകളുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനം തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളത്. ഇതിൽ വാർഡ് 11 ലെ

കാലടിത്തറ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ലോമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണി നടത്തിയതിന് 19900 രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ പ്രോജക്റ്റ് നമ്പർ SO0175/20 പ്രകാരം SILK സ്ഥാപിച്ചിട്ടുള്ളതും 2 വർഷത്തെ സർവീസ് വാറന്റിയുള്ളതുമായ ലോമാസ്റ്റ് ലൈറ്റ് ആണ് ഇത്. 38500 രൂപ ഫൗസിയ ഗ്രൂപ്പ് കൊണ്ടോട്ടിക്ക് അനുവദിച്ചതായി കാണുന്നില്ല (3,85,000- 346500). 2021-22 ൽ അനുവദിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചതിന് മറുപടി ലഭ്യമാക്കിയില്ല.

സർവീസ് വാറന്റിയുള്ള ലോമാസ്റ്റ് ലൈറ്റിൻമേൽ ഈ പ്രോജക്റ്റ് വഴി അറ്റകുറ്റപണി നടത്തിയത് വഴി 19900 രൂപയുടെ അധിക ചെലവുണ്ടായി.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 6 /24.11.21) താഴെ പറയും പ്രകാരം മറുപടി നൽകി.

തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് വേണ്ടി കാലടിത്തറ എന്ന സ്ഥലത്ത് കിഴക്കേ പോസ്റ്റ് നമ്പർ CKM CK179/16 ന് അടുത്തും പടിഞ്ഞാറേ പോസ്റ്റ് നമ്പർ U136/8/2/1 ന് അടുത്തുള്ള സ്ഥലത്തും 2 സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. AMC പിരീഡ് കഴിഞ്ഞ പടിഞ്ഞാറേ പോസ്റ്റ് നമ്പർ U136/8/2/1 ന് അടുത്തുള്ള സോളാർ ലൈറ്റാണ് അറ്റകുറ്റ പണി നടത്തിയിട്ടുള്ളത് ആയതിനാൽ അധിക ചെലവുണ്ടായിട്ടില്ല.

എന്നാൽ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം കാലടിത്തറ എന്ന സ്ഥലത്ത് ഒരു സോളാർ ലൈറ്റാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് രജിസ്റ്ററിൽ യഥാർത്ഥ വിവരങ്ങൾ രേഖപ്പെടുത്താൻ വിട്ടുപോയതാണെങ്കിൽ രജിസ്റ്റർ കാലികമാക്കേണ്ടതും രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ, വാറന്റി കാലയളവ് , കരാർ നമ്പർ, തെരുവ് വിളക്ക് സ്ഥാപിച്ച തിയതി എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുമ്പോൾ സർവീസ് വാറന്റിയുള്ള തെരുവ് വിളക്കുകളിൻമേൽ അനാവശ്യമായി തുക ചെലവഴിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ലേല രജിസ്റ്റർ പരിപാലിക്കുന്നില്ല

3. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

5. ഗ്രാമ പഞ്ചായത്തിൽ വിവിധ തരം ഓഡിറ്റുകൾ നടക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

6. ലോൺ രജിസ്റ്ററിൽ ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പ എടുത്തതിന്റെയും അടവു വിവരങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

7.വൈദ്യുതി ചാർജ് രജിസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.

8. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ ബന്ധപ്പെട്ട കൺവീനർമാർ ക്ലോസ് ചെയ്യുന്നില്ല.

9.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കറന്റ് നമ്പർ എഴുതുമ്പോൾ തിയതി രേഖപ്പെടുത്തുന്നില്ല.

മേൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-23 SSA വിഹിതം നൽകിയത് സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന തുകകൾ SSA വിഹിതമിനത്തിൽ ജില്ലാ പ്രോജക്റ്റ് ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1.പ്രോജക്റ്റ് - SO003/21

ഫണ്ട് - പ്ളാൻ (G)

തുക – 6,85,000

ബിൽ നമ്പർ - 9/19.5.20 – 3,00,000

10/19.5.20 – 3,85,000

2.പ്രോജക്റ്റ് - SO038/21

ഫണ്ട് - പ്ളാൻ (SCP)

തുക – 6,85,000

ബിൽ നമ്പർ - 9/19.5.20 – 3,00,000

10/19.5.20 – 3,85,000

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷയുടെ മൊത്തം പദ്ധതി തുകയിൽ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലക്ക് വേണ്ടിയുള്ള സംസ്ഥാന വിഹിതം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്നതിനാണ് സർക്കാർ നിർദേശം. ഇതിന്റെ ഭാഗമായി തൻവർഷത്തിൽ 13,70,000 രൂപ മേൽ ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിന് വിനിയോഗ സാക്ഷ്യപത്രമായി ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് 38,37,100 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് കാണിച്ചുകൊണ്ടുള്ള പത്രികയാണ് സമർപ്പിച്ചിട്ടുള്ളത്. ഈ പത്രികയിൽ ആസ്തികൾ ഉൾപ്പെടെ 23 ഇനങ്ങൾക്ക് വേണ്ടി ചെലവുകൾ കാണിച്ചിട്ടുണ്ട്. ഇതിൽ ലൈബ്രറിക്ക് വേണ്ടിയുള്ള ചെലവുകളും സ്കൂളുകളിൽ സോളാർ സ്ഥാപിച്ചതായ ചെലവുകളും ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്തിന്റെ 2020-21 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങളും സോളാർ സ്ഥാപിച്ചതിന്റെ വിവരങ്ങളും ഉൾപ്പെട്ടുകാണുന്നില്ല. SSA യുടെ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്യാറുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /25.11.21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. SSA യുടെ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടുമായി പൊരുത്തപ്പെടാത്തതിനാൽ വിദ്യാഭ്യാസമേഖലയുടെ വികസനത്തിന് വേണ്ടി അനുവദിക്കുന്ന തുകകൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൻമേൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-24 ജലജീവൻ മിഷൻ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഇല്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ് - S0260/21

ഫണ്ട് - തനത് ഫണ്ട്

ജലജീവൻ പദ്ധതിക്ക് വേണ്ടി വാട്ടർ അതോറിറ്റിയിൽ താഴെ പറയുന്ന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പ്രവൃത്തി | തുക | ചെക്ക്/ഡി.ഡി | റിമാർക്സ് |
|---|---|---|---|
| ജലജീവൻ മിഷൻ പദ്ധതി | 4,80,000 | 1594149/20.3.21 | KWA,എടപ്പാൾ |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 /24.11.21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-25 R-URBAN പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഇല്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - R-URBAN ഫണ്ട്.

വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന R-URBAN പദ്ധതികളിൽ (കേന്ദ്ര ഫണ്ട്) ഉൾപ്പെടുത്തി ചെയ്യുന്ന താഴെ പറയുന്ന പ്രവർത്തികൾക്ക് വേണ്ടി WAPCOS (Acredited Agency), അനർട്ട് എന്നീ ഏജൻസികളിൽ 5401900 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| തുക | വൗച്ചർ | പ്രവൃത്തി | റിമാർക്സ് |
|---|---|---|---|
| 15,00,000 | 220000132/20.5.20 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (10,44,400)<br>തിരുമണിയൂർ അംഗനവാടി (2,80,000) | WAPCOS |
| 9,10,000 | 220000150/20.5.20 | വട്ടംകുളം മിനി സ്റ്റേഡിയം നിർമ്മാണം (10,85,600) | WAPCOS |

| | | | |
|---|---|---|---|
| 29,91,900 | 220000151/20.5.20 | സോളാർ സ്ഥാപിക്കുന്നതിന് (വട്ടംകുളം ഗ്രാ.പ, ഹെൽത്ത് സെന്റർ) | WAPCOS |
| 54,01,900 | | | |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 /24.11.21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. (പ്രത്യേക ഫണ്ട് ആയതിനാൽ പ്രോജക്ട് പ്രകാരമല്ല തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്). പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 പന്തലാംകുന്ന് എസ്.സി.കുടിവെള്ള പദ്ധതി - അറ്റകുറ്റ പണി നടത്തിയത് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - SO271/21

ഫണ്ട്- തനത് ഫണ്ട്

ചെക്ക് നമ്പർ - 015852/22.2.21

തുക - 29450

പന്തലാംകുന്ന് എസ്.സി.കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം SS Polimers, Alathur എന്ന സ്ഥാപനത്തിൽ നിന്നും മേൽ തുകക്ക് വാട്ടർ ടാങ്ക് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. നിലവിലെ കുടിവെള്ള പദ്ധതിയാണിത്, കൂടാതെ പദ്ധതിയുടെ മോട്ടോർ റിപ്പയർ ചെയ്തതിന് 10000 രൂപ സുബൈർ എന്ന വ്യകതിക്ക് നൽകിയിട്ടുണ്ട് (ചെക്ക് നം.015046/18.3.20). ടി പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളതാണ്. ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ ഗുണഭോക്തൃസമിതിയാണ് ചെയ്യേണ്ടത്. ക്രമപ്രകാരമല്ലാത്ത ഈ ചെലവിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10/24.11.21) മറുപടിയായി എസ്.സി കോളനിയിലെ ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതി ദയനീയമായതിനാലാണ് പ്രവൃത്തിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണികൾ ചെയ്യാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലെന്ന് കാണിച്ചുകൊണ്ടുള്ള ഗുണഭോക്തൃസമിതിയുടെ കത്ത് ഫയലിൽ ഇല്ല. ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ ഗുണഭോക്തൃസമിതിയാണ് ചെയ്യേണ്ടത്. ഇതിന് വേണ്ടിയാണ് കുടിവെള്ള പദ്ധതികൾ കരാർ വച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നത്. ഇത്തരം അനാവശ്യ ചെലവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അംഗനവാടികൾക്ക് ഫർണീച്ചർ വാങ്ങൽ- സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ "അംഗനവാടികൾക്ക് ഫർണീച്ചർ വാങ്ങൽ" എന്ന പദ്ധതി(206/2020-21)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും 198384 രൂപ പിൻവലിച്ച് (ബിൽ നം- 2/2020-21 തി. 5.6.2020) പ്രകാരം SIDCO യിൽ നിന്നും വാങ്ങിയ ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെയും അംഗനവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കേണ്ടതാണ്.

## 1-28 ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്ക് വിവരം ഇല്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി "ബഡ്സ് സ്കൂളിലേക്ക് കമ്പ്യൂട്ടർ യു.പി.എസ്. , പ്രിന്റർ സൗണ്ട് സിസ്റ്റം വാങ്ങൽ" എന്ന പദ്ധതി(209/2020-21)പ്രകാരം കുടുംബ ശ്രീ മിഷൻ ഫണ്ടിൽ നിന്ന് 143059 രൂപ കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. (ചെക്ക് നം- 1594109/2020-21,26.8.20) KELTRONൽ നിന്നും വാങ്ങിയ കമ്പ്യൂട്ടർ യു.പി.എസ്. , പ്രിന്റർ സൗണ്ട് സിസ്റ്റം എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കേണ്ടതാണ്.

## 1-29 MGNREGS പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് GST ഈടാക്കിയില്ല

1. 1.10.2018 മുതൽ 2.5 ലക്ഷം രൂപയിൽ അധികരിച്ച വാങ്ങലുകൾ / സേവനങ്ങൾ എന്നിവയുടെ ബിൽ തുക നൽകുമ്പോൾ 2% തുക GST ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്. എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ 3626449രൂപ കരാറുകാരൻ ശ്രീ സുരേഷ്കുമാർ.കെ.പി ക്ക് നൽകിയെങ്കിലും TDS ഇനത്തിൽ ഈടാക്കേണ്ട 2% തുക 72529രൂപ കിഴിവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. 2% തുക GST

ഇനത്തിൽ കിഴിവ് വരുത്താതിരുന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പ്രവൃത്തികൾക്കായി സപ്ലൈ ചെയ്ത മെറ്റീരിയലുകളുടെ ബില്ലുകൾ ബന്ധപ്പെട്ട ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. പ്രസ്തുത ബില്ലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | FTO നമ്പർ | മെറ്റീരിയൽ വില | ഈടാക്കേണ്ട GST |
|---|---|---|---|
| കുറ്റിപ്പുറത്ത് താഴം റോഡ് കോൺക്രീറ്റ്. വാർഡ് 7<br>സാങ്കേതികാനുമതി 84/19-20 തീ. 28.9.2019 തുക 473960<br>അളവ് പുസ്തകം 198/20-21 | 9872/8.3.2021 | 354008 | 7080 |
| ആറേകാവ് മണ്ടകപറമ്പ് റോഡ് കോൺക്രീറ്റ്. വാർഡ് 3<br>സാങ്കേതികാനുമതി 85/19-20 തീ. 28.9.2019 തുക 471000<br>അളവ് പുസ്തകം 164/20-21 | 85744/12.3.2021 | 384388 | 7688 |
| പറുപാടം റോഡ് കോൺക്രീറ്റ്. വാർഡ് 10<br>സാങ്കേതികാനുമതി 64/19-20 തീ. 24.6.2019 തുക 455000<br>അളവ് പുസ്തകം 164/20-21 | 857244/12.3.2021 | 362924 | 7258 |
| നെരപ്പറമ്പ് കല്ല്യാണിക്കാവ് റോഡ് കോൺക്രീറ്റ്. വാർഡ് 19<br>സാങ്കേതികാനുമതി 88/19-20 തീ. 28.9.2019 തുക 492000<br>അളവ് പുസ്തകം 144/20-21 | 773118/19.2.2021 | 393584 | 7872 |
| ടിപ്പു സുൽത്താൻ കോട്ട വളപ്പിൽ റോഡ് കോൺക്രീറ്റ്. വാർഡ് 8<br>സാങ്കേതികാനുമതി 65/19-20 തീ. 28.6.2019 തുക 375718<br>അളവ് പുസ്തകം 69/20-21 | 272282/8.9.2020 | 280569 | 5611 |
| ആകെ | | 1775473 | 35509 |

ഓഡിറ്റ് എൻക്വയറി 13/20-21/24.11.21 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.കരാറുകാർക്ക് 20393 രൂപ

## അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് തെറ്റായ നിരക്ക് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയത് വഴി ഗ്രാമ പഞ്ചായത്തിന് 20393 രൂപ അധിക ചെലവ് ഉണ്ടായി.

റൂഫിംഗിനായി ഉപയോഗിച്ച 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് 527.97/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് ഈ നിരക്ക് കണക്കായിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ (കോഡ് 12.50). അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

ഗ്രാമ പഞ്ചായത്ത് ഉൾപെടുത്തിയ 0.35mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിനുള്ള മാർക്കറ്റ് നിരക്കും DSR കോഡ് 12.50 ലെ മറ്റിനങ്ങളും ഉൾപെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന, ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 392.81 |
| Cost For 1 Metre | | | | | 392.81 |

| | |
|---|---|
| Add Water Charge1% | 3.93 |
| Total | 396.74 |
| Add CPOH 15% | 59.51 |
| Cost Index 37.25% (Excluding MR) | 25.52 |
| Total | 481.77 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് ശരാശരി 46 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ 20393 രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക 481.77/$m^2$ | അധികം |
|---|---|---|---|---|
| മാലിന്യ സംസ്കരണ കേന്ദ്രത്തിന് (എം.സി.എഫ്) കെട്ടിട നിർമ്മാണം (221/20)<br>ചെക്ക് 14993/10.03.2020 തുക 1033816<br>കരാറുകാരൻ ശ്രീ.ടി.വി.ഷാജേഷ്<br>കരാർ 87/19.122018<br>അളവ് പുസ്തകം 116/18-19, 117/18-19, 118/18-19<br>കോസ്റ്റ് ഇൻഡക്സ് 37.25% | 170.28$m^2$ | 80103<br>@470.42 /$m^2$<br>(10.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97 /$m^2$ | 73094<br>@429.26/$m^2$<br>(10.90% കുറഞ്ഞ നിരക്ക്) | 7009 |
| വെറ്ററിനറി പോസ്പിറ്റൽ പുനരുദ്ധാരണം (215/20)<br>ബിൽ 26/15.7.2019 തുക 200000<br>ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>ചെക്ക് 513909/23.7.2019 (തനത് ഫണ്ട് )തുക 64660<br>കരാർ 86/19.12.2018 (10.9% കുറവ്) തുക 381831.74<br>അളവ് പുസ്തകം 94/2018-19<br>കോൺട്രാക്ടർ ശ്രീ ടി.വി ഷാജേഷ്<br>കോസ്റ്റ് ഇൻഡക്സ് 37.25% | 104.28$m^2$ | 49055<br>@470.42 /$m^2$<br>(10.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97 /$m^2$ | 44763<br>@429.26/$m^2$<br>(10.90% കുറഞ്ഞ നിരക്ക് ) | 4292 |
| ഹോമിയോ ഡിസ്പെൻസറി നവീകരണം ( 216/20 )<br>ബിൽ 22/15.7.2019 തുക 145614 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 67/1.12.2018 (9.1% കുറവ്)<br>അളവ് പുസ്തകം 82/18-19 | 50$m^2$ | 26399<br>@527.97 /$m^2$ | 24089<br>@481.77/$m^2$ | 2100<br>(9.1% ടെണ്ടർ കുറവിന് ശേഷം. യഥാർത്ഥ തുക2310) |

| | | | | |
|---|---|---|---|---|
| കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | | | | |
| വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം (231/20)<br>ബിൽ 24/15.7.2019 തുക 190913 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ബിൽ 25/15.7.2019 തുക 31021 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 85/19.12.2018 (7.9% കുറവ്)<br>അളവ് പുസ്തകം 94/2018-19<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>കരാറുകാരൻ ശ്രീ.ടി.വി.ഷാജേഷ് | 93.60m$^2$ | 45514<br>@486.26/m$^2$<br>(7.90% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@527.97/m$^2$ | 41531<br>@443.71/m$^2$<br>(7.90% കുറഞ്ഞ നിരക്ക്. നൽകാവുന്ന നിരക്ക്<br>@481.77/m$^2$) | 3983 |
| ചോലക്കുന്ന് അംഗൻവാടി പുനരുദ്ധാരണം (198/20)<br>ബിൽ 23/15.7.2019 തുക 135571<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 98/2.3.2018 (9.1% കുറവ്)<br>അളവ് പുസ്തകം 120/2017-18<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | 71.64m$^2$ | 37824<br>@527.94/m$^2$ | 34514<br>@481.77/m$^2$ | 2618<br>(9.1% ടെണ്ടർ കുറവിന് ശേഷം. യഥാർത്ഥ തുക3310) |
| ആകെ | | | | 20393 |

ഓഡിറ്റ് എൻക്വയറി 10/20-21 /23.11.2021 നൽകിയതിന് - അധികമായി കരാറുകാർക്ക് നൽകിയ തുക തിരിച്ചടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 GI പൈപ്പിന് അധിക നിരക്ക് നൽകി. കരാറുകാർക്ക് 8605 രൂപ അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വെള്ളാറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 4 ആയി വാട്ടർ ടാപ്പ് സ്ഥാപിക്കുന്നതിന് GI പൈപ്പ് ഉപയോഗിച്ചതിന് DSR 18.10.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ചുമരിൽ ക്ലാമ്പ് ചെയ്ത് GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഈ ഡാറ്റ പ്രകാരമുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ GI പൈപ്പ് തുറന്ന സ്ഥലത്ത് ലംബമായി സ്ഥാപിച്ചിരുക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 25.11.2021 ന് സ്ഥല പരിശോധനയിൽ വ്യക്തമായി. ഇത്തരം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച 51.18.12.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വെള്ളാറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി<br>( 155/21 )<br>ബിൽ 42/14.5.2020 തുക 645732<br>ബിൽ 115/27.3.2021 തുക 152699<br>ബിൽ 96/20.2.2021 തുക 94305<br>കരാർ 89/7.1.2019 (11.18% കുറവ്)<br>അളവ് പുസ്തകം 119/18-19<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | 46.20m | 12705<br>@275/m<br>10.61% കുറഞ്ഞ നിരക്ക്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>@307.65/m | 7362<br>@159.36/m<br>10.61% കുറഞ്ഞ നിരക്ക്)<br>51.18.12.2 പ്രകാരമുള്ള നിരക്ക്<br>@178.28/m | 5343 |
| 2 | വെള്ളാറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി<br>( 143/21 )<br>ബിൽ 124/29.3.2021 തുക 179826<br>കരാർ 7/28.9.20 (6.10% കുറവ്)<br>അളവ് പുസ്തകം 67/20-21<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 31.06% | 26.40m | 7756<br>@293.77/m | 4494<br>@170.23/m | 3262 |
| | | | | ആകെ | 8605 |

ഓഡിറ്റ് എൻക്വയറി 18/2020-21/25.11.2021നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 19.11.2021 മുതൽ 20.11.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1020000 | 31/2020-21 സമഗ്ര നെൽകൃഷി വികസനം | 1020000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 42500 | 35/2020-21 സമഗ്ര പച്ചക്കറി കൃഷി വികസനം | 42500 | 0 |
| ജില്ലാ പഞ്ചായത്ത് | 15000 | 41/2020-21 പാലിന് സബ്സിഡി | 15000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 220000 | 21/2020-21 ലൈഫ് (Scp) | 220000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1800000 | 225/2020-21 ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ SO | 1800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 228354 | 2261/2020-21 ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ SO (Scp) | 228354 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 175000 | പാലിന് സബ്സിഡി 61/2020-21 | 175000 | 0 |
| ജില്ലാപഞ്ചായത്ത് | 640000 | 19/2020-21 ലൈഫ് ജനറൽ | 640000 | 0 |
| | 1400000 | 225/2020-21 ലൈഫ് ജനറൽ ഭൂമി വാങ്ങൽ | 1400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 35000 | ശാരീരിക മാനസിക സ്കോളർഷിപ്പ് 28/2020-21 | 35000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ | ചെലവഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| WAPCOS | ബഡ്സ് റീഹാബിലിറ്റേഷൻ | 2200000 132/20.5.20 | 1500000 | 0 | പൂർത്തീകരിച്ചിട്ടില്ല | 1500000 |
| WAPCOS | വട്ടംകുളം മിനിസ്റ്റേഡിയം നിർമ്മാണം | 2200000 150/20-5-20 | 910000 | 0 | പൂർത്തീകരിച്ചിട്ടില്ല | 910000 |
| WAPCOS | സോളാർ സ്ഥാപിക്കൽ | 220000151 /20-5-20 | 2991900 | 0 | പൂർത്തീകരിച്ചിട്ടില്ല | 2991900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 772/2017 LSGD Dt:18.3.2017 | 0 | 19765304 | | 2547765 | 17217539 |
| (KURDFC) | ലഭ്യമല്ല | 478765 | 8042088 | 3477794 | 0 | 5043059 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1994-96 | 16 | 2000-01 | വിനോദ നികുതി പിരിച്ചതിൽ കുറവ് | നടപടി തുടരുന്നു. |
| 1994-96 | 22 | 2000-01 | സോഡിയം വേപ്പർലാമ്പ്- നഷ്ടം | നടപടി തുടരുന്നു. |
| 2011-12,2012-13 | 3-1 | 2014-15 | നിഷ്ക്രിയ ആസ്തികൾ-അവലോകനം | നടപടി തുടരുന്നു. |
| 2014-15 | 2-1,2-2 | 2016-17 | വസ്തു നികുതി-തൊഴിൽ നികുതി | നടപടി തുടരുന്നു. |
| 2015-16 | 2-2 | 2016-17 | തൊഴിൽ നികുതി | നടപടി തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF.8591/Spl.Cell /SC.D1/2012 Dated 25-02-15 | 8236 | തടസ്സം തുടരുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 151102597 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 123270111 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28998 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5951072 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20393 | RS .10197 ശ്രീ സന്തോഷ്കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ,<br>RS .10196 ശ്രീമതി അന്ന അനില വർഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-2 | | 8605 | Rs.4303 ശ്രീ സന്തോഷ്കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ,<br>Rs.4302 ശ്രീമതി അന്ന അനില വർഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| ആകെ | 28998 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 480,000 | മീനാകുമാരി.എൽ.ജി, സെക്രട്ടറി |
| 1-25 | 5401900 | ബാബുരാജ് പി.വി., സെക്രട്ടറി |
| 1-19 | 69172 | ബാബുരാജ് പി.വി., സെക്രട്ടറി |
| ആകെ | 5951072 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അന്ന അനില വർഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുളമൂട്ടിൽ, വെൺമണി.പി.ഒ. ചെങ്ങന്നൂർ സെന്റ് തോമസ് |

| | | |
|---|---|---|
| | | മാർത്തോമ ചർച്ചിന് സമീപം ആലപ്പുഴ |
| ശ്രീ.സന്തോഷ്കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ,വട്ടംകുളം ഗ്രാ.പ. | മുണ്ടൻവേളി ഹൗസ്, കൊരട്ടി പി.ഒ., തൃശ്ശൂർ-680308 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 (ചെലവ്) | കെ.എസ്.എ.എം.പി.എം10/2290/2019(1) 18-11-2020 | 3 |
| 2 | 1999-00 | കെ.എസ്.എ.എം.പി.എം10/2290/2019(2) 2-12-2020 | 2 |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം10/2290/2019(3) 3-12-2020 | 4 |
| 4 | 2005-06 | കെ.എസ്.എ.എം.പി.എം10/2290/2019(6) 3-12-2020 | 7 |
| 5 | 2006-07 | കെ.എസ്.എ.എം.പി.എം10/2517/2019(1) 5-12-2020 | 2 |
| 6 | 2007-08 | കെ.എസ്.എ.എം.പി.എം10/2517/2019(2) 8-12-2020 | 14 |
| 7 | 2008-09 | കെ.എസ്.എ.എം.പി.എം10/2517/2019(3) 8-12-2020 | 2 |
| 8 | 2009-10 | കെ.എസ്.എ.എം.പി.എം10/2517/2019(4) 8-12-2020 | 10 |
| 9 | 2010-11 | എൽ.എഫ്.എം17/1727/13 / 17-3-14 | 20 |
| 10 | 2011-12 , 2012-13 | എൽ.എഫ്.എം17/374/15/13-7-15 | 20 |
| 11 | 2013-14,14-15 | കെ.എസ്.എ.എം.പി.എം17/2100/2016, 20-07-17 | 18 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 26-3-18 | 22 |
| 12 | 2016-17 | കെ.എസ്.എ.എം.പി.എം10/127/19 തീയതി 03-03-2019 | 26 |
| 13 | 2017-18 | കെ.എസ്.എ.എം.പി.എം.10/418/2019 തീയതി 12.7.19 | 22 |
| 14 | 2018-19 | കെ.എസ്.എ.എം.പി.എം.10/2323/2019, 11.10.2019 | 19 |
| 15 | 2019-20 | കെ.എസ്.എ.എം.പി.എം.10/2163/2022 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്